കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുടെ സ്വകാര്യവത്ക്കരണം

7 (*97) ശ്രീമതി എൻ. കെ. രാധ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്ഥാപിതമായിട്ടുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി പൊതുമാർക്കറ്റിൽ വിൽക്കുന്നതിനും അവ സ്വകാര്യ വൽക്കരിക്കുന്നതിനുമായി കേന്ദ്ര സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അപ്രകാരം ഏതൊക്കെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികളാണ് വിൽക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) കേന്ദ്രസർക്കാരിന്റെ പ്രസ്തുത നടപടിമൂലം സംസ്ഥാനത്തിന്റെ വ്യവസായ മേഖലയിലും തൊഴിൽ രംഗത്തും സംജാതമാകാവുന്ന പ്രതിസന്ധികൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് ഇതിനകം ഏതെല്ലാം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരിയാണ് വിറ്റഴിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിൽക്കുന്നതും സ്ഥാപനങ്ങളെ സ്വകാര്യവത്ക്കരിക്കുന്നതും സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത അഭിപ്രായം കേന്ദ്രസർക്കാരിനെ അറിയിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്.

(ബി) 1. മോഡേൺ ഫുഡ് ഇൻഡസ്ട്രീസ് (ഇൻഡ്യ) ലിമിറ്റഡ്

കേന്ദ്രഗവൺമെന്റിന് മോഡേൺ ഫുഡ് ഇൻഡസ്ട്രീസിൽ ഉണ്ടായിരുന്ന 74% ഓഹരി ഹിന്ദുസ്ഥാൻ ലിവർ ലിമിറ്റഡിന് കൈമാറ്റം ചെയ്യുകയും, ഇപ്പോൾ അത് കേന്ദ്രഗവൺമെന്റിന്റേയും ഹിന്ദുസ്ഥാൻ ലിവർ ലിമിറ്റഡിന്റേയും സംയുക്ത സംരംഭമായി അതേ പേരിൽ പ്രവർത്തിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2. ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ്

ഹിന്ദുസ്ഥാൻ ലാറ്റക്സിനെ സംബന്ധിച്ചിടത്തോളം അതിന്റെ ഓഹരികൾ പൊതുമാർക്കറ്റിൽ വിൽക്കാനുള്ള തീരുമാനം കേന്ദ്രഗവൺമെന്റ് തൽക്കാലം മാറ്റി വച്ചിരിക്കുകയാണ്.

3. ഇൻഡ്യൻ റെയർ എർത്ത് ലിമിറ്റഡ്

സ്വകാര്യവൽക്കരിക്കുന്നതിനായി കേന്ദ്രഗവൺമെന്റിൽ നിന്നും യാതൊരു നിർദ്ദേശവും ലഭിച്ചിട്ടില്ല.

4. എഫ്.എ.സി.റ്റി.

സ്വകാര്യവൽക്കരിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും യാതൊരു അറിയിപ്പും കിട്ടിയിട്ടില്ല.

5. കൊച്ചി റിഫൈനറി ലിമിറ്റഡിന്റെ 10% ഓഹരികൾ 1991-ൽ വിറ്റഴിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ കൊച്ചി റിഫൈനറി ലിമിറ്റഡ് മറ്റൊരു പൊതുമേഖലാ സ്ഥാപനമായ ബി.പി.സി.എൽ. ന്റെ ഒരു സബ്സിഡിയറി ആക്കിമാറ്റാനും 54.04% വരുന്ന ഓഹരികൾ കൈമാറ്റം ചെയ്യാനും കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

സംസ്ഥാനത്തിലെ മറ്റു കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരങ്ങൾ, ശേഖരിച്ചു നൽകുന്നതാണ്.

(സി) വിശദമായ വിലയിരുത്തൽ നടത്തിയിട്ടില്ല.

(ഡി) മോഡേൺ ഫുഡ് ഇൻഡസ്ട്രീസ് (ഇൻഡ്യ) ലിമിറ്റഡ് - 74%

(ഇ & എഫ്) സംസ്ഥാന സർക്കാർ ഈ നടപടിക്കെതിരാണ്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഡിസ്ഇൻവെസ്റ്റ് ചെയ്യുന്നതിനെതിരായി കേന്ദ്ര സർക്കാരിന് കാലാകാലങ്ങളിൽ നിവേദനം സമർപ്പിക്കുകയും പ്രസ്തുത വിഷയം ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാരെ നേരിട്ടു കണ്ട് ചർച്ച നടത്തിയും, സംസ്ഥാനത്തെ എം.പി.മാർ മുഖാന്തിരം സമ്മർദ്ദം ചെലുത്തുകയും ചെയ്തിട്ടുണ്ട്.

ഭവനനിർമ്മാണ പദ്ധതികൾ

8 (*98) ശ്രീ പി. വിശ്വൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എളമരം കരീം :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവനനിർമ്മാണ രംഗത്ത് ലക്ഷ്യം കൈവരിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് ;

(ബി) ഭവനനിർമ്മാണത്തിന് ഏതൊക്കെ സ്കീമുകളാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly